നം.എം5/216163/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 13/01/2021
ഫോൺ : 0471 2580595
ഇ-മെയിൽ : supdtm.dge@kerala.gov.in

# വിജ്ഞാപനം

വിഷയം : പൊ.വി. - തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിച്ചു വരുന്ന സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ ഡയറക്ടറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) 04/01/2021-ാം തീയതിയിലെ എസ്.ഐ.എം.സി. ഡയറക്ടറുടെ കത്ത്.
2) സ.ഉ.(എം.എസ്.) നം. 30/2020/പൊ.വി.വ. തീയതി : 07/02/2020

തിരുവനന്തപുരം പാങ്ങപ്പാറയിൽ പ്രവർത്തിച്ചു വരുന്ന സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനത്തിൽ കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡയറക്ടറെ നിയമിക്കുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡേറ്റയും പ്രവൃത്തി പരിചയം തെളിയിക്കുന്നതിനാവശ്യമായ രേഖകളുടെ പകർപ്പ്, വയസും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ ഉൾപ്പെടെ **ഫെബ്രുവരി / 10 /2021-ാം** തീയതി വൈകിട്ട് 5.00 മണിക്ക് മുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കേണ്ടതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന ശമ്പള സ്കെയിലിൽ ശമ്പളം നൽകുന്നതാണ്. കരാർ വിഭാഗത്തിൽ നിയമിക്കപ്പെടുന്നവർക്കുള്ള ഓണറേറിയം സർക്കാർ തലത്തിൽ തീരുമാനിക്കുന്നതായിരിക്കും.

നിയമനം പരാമാവധി 5 വർഷത്തേയ്ക്കോ അല്ലെങ്കിൽ 60 വയസ്സ് എന്നതിൽ ഏതാണോ ആദ്യം എന്ന നിലയിലായിരിക്കും.

## ഡയറക്ടർ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും

1. ക്ലിനിക്കൽ സൈക്കോളജി/സൈക്കോളജി/സോഷ്യോളജി/സോഷ്യൽ വർക്ക് വിഷയത്തിൽ കുറഞ്ഞത് രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദം.

2. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനത്തിൽ സൂപ്പർവൈസറി/അദ്ധ്യാപക തസ്തികയിൽ 7 വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം.

3. പ്രസ്തുത മേഖലയിൽ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

4. വയസ്സ് 01/01/2021-ൽ 40 നും 60 നും ഇടയിൽ.

| | | |
|---|---|---|
| അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം | : | പൊതുവിദ്യാഭ്യാസ ഡയറക്ടർ<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം<br>ജഗതി, തിരുവനന്തപുരം - 14. |

കവറിനുപുറത്ത് **"എസ്.ഐ.എം.സി പാങ്ങപ്പാറ ഡയറക്ടർ നിയമന അപേക്ഷ"** എന്ന് എഴുതേണ്ടതാണ്.

അവസാന തീയതിയ്ക്കുശേഷം ലഭിക്കുന്നവയും ആവശ്യമായ യോഗ്യത ഇല്ലാത്ത വരുടെയും അപേക്ഷകൾ മറ്റൊരു അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. പ്രിൻസിപ്പൽ, എസ്.ഐ.എം.സി., പാങ്ങപ്പാറ, തിരുവനന്തപുരം.
3. വൈസ് ചെയർമാൻ&എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (കവറിംഗ് ലെറ്റർ ഉൾപ്പെടെ) (വർത്തമാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് (കവറിംഗ് ലെറ്റർ ഉൾപ്പെടെ)
6. പൊതുവിദ്യാഭ്യാസ ഡയറക്ടർ/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ/ പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (സി.എ. മുഖാന്തിരം)
7. സ്റ്റോക്ക് ഫയൽ